നമ്പർ:സി.ബി.(1) 29936/2008

സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി: 30-06-2008.

## സർക്കുലർ നമ്പർ: 46/2008

വിഷയം:- സഹകരണ വകുപ്പ് - സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നൽകി വരുന്ന കാർഷികേതര വായ്പകളുടെ പലിശ നിരക്ക് പുതുക്കി നിശ്ചയിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. ഈ ആഫീസിലെ 26-02-07 ലെ 20/07, 03-06-07 ലെ 28/07, 28-09-07 ലെ 58/07, 25-01-08 ലെ 6/08 എന്നീ നമ്പർ സർക്കുലറുകൾ.

2. 06-06-08 ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് തീരുമാനം.

സംസ്ഥാനത്തെ വായ്പാ സഹകരണസംഘങ്ങൾ/ബാങ്കുകൾ നൽകി വരുന്ന വിവിധയിനം കാർഷികേതര വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശ നിരക്ക് നിശ്ചയിച്ച് സൂചന (1) പ്രകാരം സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സൂചന (2) പ്രകാരം കൂടിയ യോഗത്തിൽ വിവിധയിനം വായ്പകൾക്ക് സഹകരണ ബാങ്കുകളിലും, മറ്റ് വാണിജ്യ/പൊതുമേഖലാ ബാങ്കുകളിലും നിലവിലുള്ള പലിശ നിരക്ക് സംബന്ധിച്ച് അവലോകനം നടത്തുകയും വിശദമായ ചർച്ച ചെയ്ത് സഹകരണ മേഖലയിലെ വായ്പകളുടെ പലിശ നിരക്ക് പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ/ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവർ വിവിധയിനം കാർഷികേതര വായ്പകൾക്ക് ഈടാക്കാവുന്ന പലിശ നിരക്കുകൾ ശതമാനക്കണക്കിൽ ചുവടെ ചേർക്കും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

(നിരക്ക് ശതമാന കണക്കിൽ)

| ക്രമ നം | വായ്പ ഇനം | വായ്പാ പരിധി | സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്ക് | | പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ/ബാങ്കുകൾ | |
|---|---|---|---|---|---|---|---|---|
| | | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1. | വിവാഹം | 50,000 രൂപ വരെ | 25,000 രൂപ വരെ 8% 25,000 ന് മുകളിൽ 50,000 രൂപ വരെ 9% | 9 | 25,000 രൂപ വരെ 8% 25,000 ന് മുകളിൽ 50,000 രൂപ വരെ 9% | 9 | 25,000 രൂപ വരെ 8% 25,000 ന് മുകളിൽ 50,000 രൂപ വരെ 9% | 9 |
| | | 50,000 രൂപയ്ക്കു മുകളിൽ 1 ലക്ഷം രൂപ വരെ | 10 | 10 | 10 | 10 | 10 | 10 |
| | | 1 ലക്ഷം രൂപയ്ക്കു മുകളിൽ | 1 ലക്ഷം - 3 ലക്ഷം വരെ 12% 3 ലക്ഷത്തിന് മുകളിൽ 13%. | 12 | 1 ലക്ഷം - 3 ലക്ഷം വരെ 12% 3 ലക്ഷത്തിന് മുകളിൽ 13%. | 12 | 1 ലക്ഷം - 3 ലക്ഷം വരെ 12% 3 ലക്ഷത്തിന് മുകളിൽ 13%. | 12 |
| 2. | ചികിത്സാ | 50,000 രൂപാ വരെ | 25,000 രൂപാ വരെ 8% 25,000 രൂപയ്ക്ക് മുകളിൽ 50,000 രൂപാ വരെ 9% | 9 | 25,000 രൂപാ വരെ 8% 25,000 രൂപയ്ക്ക് മുകളിൽ 50,000 രൂപാ വരെ 9% | 9 | 25,000 രൂപാ വരെ 8% 25,000 രൂപയ്ക്ക് മുകളിൽ 50,000 രൂപാ വരെ 9% | 9 |
| | | 50,000 രൂപയ്ക്ക് മുകളിൽ 1 ലക്ഷം രൂപ വരെ | 10 | 10 | 10 | 10 | 10 | 10 |

| ക്രമ നം | വായ്പ ഇനം | വായ്പാ പരിധി | സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്ക് | | പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ/ബാങ്കുകൾ | |
|---|---|---|---|---|---|---|---|---|
| | | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 3. | വീട് മെയിന്റനൻസ് | രണ്ടു ലക്ഷം രൂപ വരെ | 50,000 രൂപാ വരെ 8.75%, 50,000 രൂപയ്ക്ക് മുകളിൽ 1 ലക്ഷം വരെ 9.5%, 1 ലക്ഷത്തിനു മുകളിൽ 2 ലക്ഷം വരെ 9.5 - 10.50% | 9.50 മുതൽ 10 വരെ | 50,000 രൂപാ വരെ 8.75%, 50,000 രൂപയ്ക്ക് മുകളിൽ 1 ലക്ഷം വരെ 9.5%, 1 ലക്ഷത്തിനു മുകളിൽ 2 ലക്ഷം വരെ 9.5 - 10.50% | 9.5 മുതൽ 10 വരെ | 50,000 രൂപാ വരെ 8.75%, 50,000 രൂപയ്ക്ക് മുകളിൽ 1 ലക്ഷം വരെ 9.5%, 1 ലക്ഷത്തിനു മുകളിൽ 2 ലക്ഷം വരെ 9.5 - 10.50% | 9.50 മുതൽ 10 വരെ |
| | | രണ്ടു ലക്ഷം രൂപയ്ക്ക് മുകളിൽ | 12 - 14 | 12 മുതൽ 14 വരെ | 12 - 14 | 12 മുതൽ 14 വരെ | 12 - 14 | 12 മുതൽ 14 വരെ |
| 4. | കൺസ്യൂമർ വായ്പ | | 13 - 14 വരെ | 13 മുതൽ 14 വരെ | 13 - 14 വരെ | 13 മുതൽ 14 വരെ | 13 - 14 വരെ | 13 മുതൽ 14 വരെ |
| 5. | വിദേശത്ത് ജോലിക്ക് പോകുന്നതിന് | | 12 - 14 വരെ | 12 മുതൽ 14 വരെ | 12 - 14 വരെ | 12 മുതൽ 14 വരെ | 13 - 14 വരെ | 13 മുതൽ 14 വരെ |
| 6. | വാഹന വായ്പ | | 12 - 14 വരെ | 12 മുതൽ 14 വരെ | 12 - 14 വരെ | 12 മുതൽ 14 വരെ | 12 - 14 വരെ | 12 മുതൽ 14 വരെ |
| 7. | ക്യാഷ് ക്രെഡിറ്റ്/ഓവർ ഡ്രാഫ്റ്റ് | | 12 - 15 വരെ | 12 മുതൽ 15 വരെ | 12 - 15 വരെ | 12 മുതൽ 15 വരെ | 12 - 15 വരെ | 12 മുതൽ 15 വരെ |

| ക്രമ നം | വായ്പ ഇനം | വായ്പാ പരിധി | സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്ക് | | പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ/ബാങ്കുകൾ | |
|---|---|---|---|---|---|---|---|---|
| | | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 8. | ഭവന നിർമ്മാണം | 1 ലക്ഷം രൂപ വരെ | 50,000 രൂപാ വരെ 8% 50,000 രൂപയ്ക്ക് മുകളിൽ 1 ലക്ഷം രൂപാ വരെ 8.5% | 9 | 50,000 രൂപാ വരെ 8% 50,000 രൂപയ്ക്ക് മുകളിൽ 1 ലക്ഷം രൂപാ വരെ 8.5% | 9 | 50,000 രൂപാ വരെ 8% 50,000 രൂപയ്ക്ക് മുകളിൽ 1 ലക്ഷം രൂപാ വരെ 8.5% | 9 |
| | | 1 ലക്ഷത്തിനു മുകളിൽ 3 ലക്ഷം രൂപ വരെ | 10 – 13 | 10 മുതൽ 13 വരെ | 10 – 13 | 10 മുതൽ 13 വരെ | 10 – 13 | 10 മുതൽ 13 വരെ |
| | | 3 ലക്ഷത്തിനു മുകളിൽ 5 ലക്ഷം വരെ | 10 – 13 | 10 മുതൽ 13 വരെ | 10 – 13 | 10 മുതൽ 13 വരെ | 10 – 13 | 10 മുതൽ 13 വരെ |
| | | 5 ലക്ഷത്തിനു മുകളിൽ | 11 – 15 | 11 മുതൽ 15 വരെ | 11 – 15 | 11 മുതൽ 15 വരെ | 11 – 15 | 11 മുതൽ 15 വരെ |

| ക്രമ നം | വായ്പ ഇനം | വായ്പാ പരിധി | സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്ക് | | പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ/ബാങ്കുകൾ | |
|---|---|---|---|---|---|---|---|---|
| | | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 9. | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ അതിർത്തിയിൽ 3 സെന്റ് ഭൂമിയുള്ള വർക്കും, കുടുംബശ്രീവീട് വയ്ക്കുന്നതിന് | 50,000 രൂപ വരെ | 7 | 7 | 7 | 7 | 7 | 7 |
| 10. | മോർട്ട്ഗേജ്/ മുസാവത്ത് വാങ്ങൽ/സാധാരണ വായ്പകൾ | | 12 – 15 | 12 മുതൽ 15 വരെ | 12 – 15 | 12 മുതൽ 15 വരെ | 12 – 15 | 12 മുതൽ 15 വരെ |
| 11. | ബിസിനസ്സ്/ട്രേഡേഴ്സ് വായ്പ | | 12 – 15 | 12 മുതൽ 15 വരെ | 12 – 15 | 12 മുതൽ 15 വരെ | 12 – 15 | 12 മുതൽ 15 വരെ |
| 12. | വ്യവസായ വായ്പ | | 11 മുതൽ 13 വരെ | 11 മുതൽ 15 വരെ | 11 മുതൽ 13 വരെ | 11 മുതൽ 13 വരം | 12 മുതൽ 13 വരെ | 12 മുതൽ 13 വരെ |
| 13. | സ്വയം തൊഴിൽ വായ്പ | 1 ലക്ഷം രൂപ വരെ | 9 | 9 | 9 | 9 | 9 | 9 |
| | | 1 ലക്ഷത്തിനു മുകളിൽ 3 ലക്ഷം വരെ | 11.50 | 11.50 | 11.50 | 11.50 | 11.50 | 11.50 |
| | | 3 ലക്ഷത്തിനു മുകളിൽ 5 ലക്ഷം രൂപ വരെ | 13 | 13 | 13 | 13 | 13 | 13 |

| ക്രമ നം | വായ്പ ഇനം | വായ്പാ പരിധി | സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്ക് | | പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ/ബാങ്കുകൾ | |
|---|---|---|---|---|---|---|---|---|
| | | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 14. | കുടുംബശ്രീ/സ്വയംസഹായസംഘങ്ങൾ നബാർഡിന്റെ പുനർവായ്പയില്ലാത്ത പദ്ധതികൾ/മഹിളാ വായ്പ | | - | - | 8 - 10 വരെ | 9 - 10 വരെ | 8 - 10 വരെ | 8 - 10 വരെ |
| 15. | വിദ്യാഭ്യാസ വായ്പ | | 9 - 10 വരെ | 10 | 9 - 10 | 9 മുതൽ 10 വരെ | 9 - 10 | 9 മുതൽ 10 വരെ |
| 16. | സ്വർണ്ണ പണയം | 2 ലക്ഷം രൂപ വരെ | 11 | 11 | 11 - 14 വരെ | 11 മുതൽ 14 വരെ | 11 - 14 വരെ | 11 മുതൽ 14 വരെ |
| | | 2 ലക്ഷം രൂപയ്ക്ക് മുകളിൽ | 12 | 12 | 11 - 14 വരെ | 11 മുതൽ 14 വരെ | 11 - 14 വരെ | 11 മുതൽ 14 വരെ |
| 17. | ഭൂമിയില്ലാത്തവർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിന് | 50,000 രൂപാ വരെ | 7 | 7 | 7 | 7 | 7 | 7 |
| | | 50,000 രൂപയ്ക്ക് മുകളിൽ 1 ലക്ഷം രൂപ വരെ | 9 | 8 | 9 | 8 | 9 | 9 |

| ക്രമ നം | വായ്പ ഇനം | വായ്പാ പരിധി | സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്ക് | | പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ/ബാങ്കുകൾ | |
|---|---|---|---|---|---|---|---|---|
| | | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| | | 1 ലക്ഷം രൂപയ്ക്കു മുകളിൽ 3 ലക്ഷം രൂപ വരെ | 9.50 | 9.50 | 9.50 | 9.50 | 9.50 | 9.50 |
| | | 3 ലക്ഷം രൂപക്ക് മുകളിൽ 5 ലക്ഷം രൂപ വരെ | 10 | 11 | 10 | 11 | 10 | 11 |
| | | 5 ലക്ഷം രൂപയ്ക്ക് മുകളിൽ | 12.50 | 13 | 12.50 | 13 | 12.50 | 13 |
| 19. | വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് | (എ) സഹകരണ സ്ഥാപനങ്ങൾക്ക് | 9.50 - 10.50 | 9.50 മുതൽ 10.50 വരെ | 9.50 - 10.50 | 9.50 മുതൽ 10.50 വരെ | | 9.50 മുതൽ 10.50 വരെ |
| | | (ബി) ഇതരസ്ഥാപനങ്ങൾക്ക് | 12 - 14 | 12 മുതൽ 14 വരെ | 12 - 14 | 12 മുതൽ 14 വരെ | | 12 മുതൽ 14 വരെ |
| | | (സി) കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷന് | 9 | 9 | 9 | 9 | | 9 |

| ക്രമ നം | വായ്പ ഇനം | വായ്പാ പരിധി | സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്ക് | | പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ/ബാങ്കുകൾ | |
|---|---|---|---|---|---|---|---|---|
| | | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 19. | ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിന് | | - | 10.50 മുതൽ 14 വരെ | - | 10.50 മുതൽ 14 വരെ | - | 10.50 മുതൽ 14 വരെ |

പട്ടിക ജാതി/പട്ടിക വർഗ്ഗക്കാർ, ദാരിദ്ര്യരേഖക്ക് താഴെയുള്ളവർ എന്നിവർക്ക് സഹകരണസംഘങ്ങൾ/ബാങ്കുകൾ നൽകുന്ന എല്ലാ കാർഷികേതര വായ്പകൾക്കും സാധാരണ ഈടാക്കുന്ന പലിശ നിരക്കിനേക്കാൾ 2% പലിശ കുറച്ച് ഈടാക്കേണ്ടതാണ്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾക്ക് വായ്പ നൽകുന്നതിന് അതാതു സ്ഥാപനങ്ങളുടെ നിക്ഷേപം ബന്ധപ്പെട്ട സഹരണ സ്ഥാപനങ്ങളിലായിരിക്കേണ്ടതാണ്.

ഓരോ സംഘവും/ബാങ്കും അവരുടെ ഫണ്ടിനനുസരിച്ച് വായ്പാ പരിധി ക്രമങ്ങൾ പാലിക്കേണ്ടതാണ്.

ഒപ്പ്/-

റാണി ജോർജ്ജ് ഐ.എ.എസ്,
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

1. മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. ജനറൽ മാനേജർ,
   എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും.
3. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും.
4. എല്ലാ ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർമാർക്കും.
   (സംസ്ഥാനസഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകൾ)
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും.
   (ജോയിന്റ് രജിസ്ട്രാർമാർ മുഖേന).
6. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും
   (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
7. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ.
8. ചീഫ് ജനറൽ മാനേജർ, നബാർഡ്, തിരുവനന്തപുരം.
9. എഡിറ്റർ, സഹകരണ വീഥി.
10. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
11. സ്റ്റോക്ക്/സ്പെയർ.

//ആജ്ഞാനുസരണം//

സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി.